"ഭരണഭാഷ മാതൃഭാഷ"

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി. IAS)

വിഷയം: വനിത ശിശു വികസന വകുപ്പ് - ഐസിഡിഎസ് - അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം ശിശു വികസന പദ്ധതി ഓഫീസർമാർക്കും വാടക അംഗീകരിച്ച് നൽകുന്നതിനുള്ള അധികാരം ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർമാർക്കും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. കേന്ദ്ര സർക്കാരിന്റെ 25.03.2019 ലെ 14/4/2018-CD-II-e-6670 നമ്പർ കത്ത്

2. സ.ഉ.(സാധാ)നം. 514/2020/സാനീവ., തീയതി. 28.09.2020

**ഉത്തരവ് നം. ICDS/B5-30277/19 തീയതി. 07.01.2021**

സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ വാടക പ്രതിമാസം 1,000/- രൂപയാക്കിയും അർബൻ ഏരിയായിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക പ്രതിമാസം 4,000/- രൂപയാക്കിയും പുതുക്കി നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും നിശ്ചയിക്കപ്പെട്ട വാടക അംഗീകരിക്കുന്നതിനുള്ള അധികാരം പ്രോഗ്രാം ഓഫീസർമാർക്കും നൽകികൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിലെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക പ്രതിമാസം 750/- രൂപയിൽനിന്നും 1,000/- രൂപയായും അർബൻ ഏരിയായിലെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക പ്രതിമാസം 3,000/- രൂപയിൽ നിന്നും 4,000/- രൂപയായും വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പുതുക്കിയ വാടക നിരക്കിന് സൂചന (2) ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനും അത് അംഗീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കും പ്രകാരം പുറപ്പെടുവിക്കുന്നു.

1. കുടിവെള്ളം, ടോയ്‌ലറ്റ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ മാത്രം വാടകയ്ക്ക് എടുക്കേണ്ടതാണ്.
2. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടിയുടെ എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞാൽ അടുത്ത ദിവസം മുതലുള്ള കാലാവധി പ്രാബല്യത്തിൽ പുതിയ കരാർ വയ്ക്കേണ്ടതാണ്.
3. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ അങ്കണവാടികളുടെയും ഫിറ്റ്നസ് സാക്ഷ്യപത്രം എല്ലാവർഷവും ഏപ്രിൽ 10-ാം തീയതിക്കുള്ളിൽ ഐസിഡിഎസ് സൂപ്പർവൈസർ കരസ്ഥമാക്കുകയും ആയത് ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കുകയും വേണം.

4. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളുടെയും വാടക കരാർ നിലവിലുണ്ടെന്ന് ഐസിഡിഎസ് സൂപ്പർവൈസർ ഉറപ്പുവരുത്തുകയും ആയത് ശിശു വികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കുകയും വേണം. (വാടക കരാർ മാതൃക – അനുബന്ധം I)

5. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടി കെട്ടിടങ്ങളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, വാടക കരാർ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തിയതിന് ശേഷം മാത്രം ശിശു വികസന പദ്ധതി ഓഫീസർ പരാമർശം (2) ലെ സർക്കാർ ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കേണ്ടതാണ്.

6. അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ 10 ഇനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഇനത്തിലും സ്കോർ വാല്യു തീരുമാനിച്ചിട്ടുള്ളതുമാകുന്നു. സ്കോർ വാല്യുവിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന സ്ലാബുകൾ പ്രകാരമാണ് വാടക നിശ്ചയിക്കേണ്ടത്.

| Score Value | Rural rent per month | | Urban rent per month | |
|---|---|---|---|---|
| | Existing | Revised | Existing | Revised |
| Upto 10 | 400/- | 550/- | 1,000/- | 2,000/- |
| 11 to 15 | 600/- | 800/- | 2,000/- | 3,000/- |
| 16 & above | 750/- | 1,000/- | 3,000/- | 4,000/- |

7. സ്കോർ വാല്യുവിന്റെ അടിസ്ഥാനത്തിൽ ശിശു വികസന പദ്ധതി ഓഫീസർ വാടക നിശ്ചയിക്കേണ്ടതും ആയതിന്റെ സ്റ്റേറ്റ്മെന്റ് (അനുബന്ധം II) സഹിതം വാടക അംഗീകരിക്കുന്നതിനായി ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർക്ക് എല്ലാ വർഷവും ഏപ്രിൽ 30 നുള്ളിൽ സമർപ്പിച്ചിരിക്കണം

8. വാടക നിർണ്ണയ സ്റ്റേറ്റ്മെന്റിനൊപ്പം ശിശു വികസന പദ്ധതി ഓഫീസർമാർ വാടക നിർണ്ണയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ അങ്കണവാടികളും നേരിട്ട് പരിശോധിക്കുകയും വാടക നിർണ്ണയം മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ളവയും, ഫിറ്റ്നസ് സാക്ഷ്യപത്രം, വാടക കരാർ എന്നിവ പ്രാബല്യത്തിലുള്ളവയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന സാക്ഷ്യപത്രവും ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർക്ക് സമർപ്പിച്ചിരിക്കണം.

9. ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർമാർ തങ്ങളുടെ കീഴിലുള്ള എല്ലാ ഐസിഡിഎസ് പ്രോജക്ടുകളിൽ നിന്നും വാടക നിർണ്ണയ സ്റ്റേറ്റ്മെന്റ് സാക്ഷ്യപത്രം ഉൾപ്പെടെ എല്ലാവർഷവും ഏപ്രിൽ 30 നുള്ളിൽ ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയും മാനദണ്ഡങ്ങൾ പ്രകാരമുള്ളവയ്ക്ക് അംഗീകാരം നൽകി മെയ് 10-ാം തീയതിയ്ക്ക് മുമ്പായി ശിശു വികസന പദ്ധതി ഓഫീസർക്ക് ശുപാർശ ചെയ്ത് അയക്കേണ്ടതുമാണ്.

10. ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസറിൽ നിന്ന് വാടക അംഗീകരിച്ച് കിട്ടിയാൽ ശിശു വികസന പദ്ധതി ഓഫീസർമാർ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക തുകയുടെ അലോട്ട്മെന്റ് റിക്വസ്റ്റ് മെയ് 15-ാം തീയതിക്കുള്ളിൽ ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

11. ഓരോ വർഷവും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക ജൂൺ മാസം 15-ാം തീയതിക്കുള്ളിൽ കെട്ടിട ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് മേൽ പരാമർശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് മാറി നൽകേണ്ടതാണ്. തുടർന്ന് വരുന്ന ഓരോ മാസവും 15-ാം തീയതിക്കുള്ളിൽ മുൻ മാസത്തെ വാടക മാറി നൽകേണ്ടതുമാണ് .

12. കേന്ദ്ര സർക്കാർ നിശ്ചയിച്ച പ്രകാരം ഒരു അങ്കണവാടിക്ക് ഗ്രാമപ്രദേശങ്ങളിൽ പരമാവധി 1,000/- രൂപയും പട്ടണപ്രദേശങ്ങളിൽ പരമാവധി 4,000/- രൂപയും മാത്രമേ വാടകയായി വകുപ്പിൽ നിന്നും അനുവദിക്കാൻ കഴിയൂ. അധികം തുക ആവശ്യമായി വരുന്ന സാഹചര്യത്തിൽ ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രോജക്ട് വച്ച് ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി ഐസിഡിഎസ് സൂപ്പർവൈസർ/സിഡിപിഒ സ്വീകരിക്കേണ്ടതാണ്.

13. എല്ലാ മാസവും നിശ്ചിത തീയതിക്കുള്ളിൽ വാടക മാറി നൽകുന്നുണ്ടെന്ന് പ്രോഗ്രാം ഓഫീസർ ഉറപ്പുവരുത്തുകയും മേൽ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്നപക്ഷം ശിശു വികസന പദ്ധതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർക്ക്മേൽ ഡയറക്ടറേറ്റ് തലത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

അങ്കണവാടി കെട്ടിടങ്ങളുടെ വാടക നൽകുന്നതിലേക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-47-06 (RRT) (P) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

സർക്കാർ ഉത്തരവ്, അനുബന്ധം I, II എന്നിവ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

**പകർപ്പ്:**

1. എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
2. എല്ലാ ജില്ലാതല ഐസിഡിഎസ് സെൽ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. എല്ലാ സൂപ്പർവൈസർമാർക്കും
5. സൂപ്രണ്ട്, അലോട്ട്മെന്റ് & ആഡിറ്റ്
6. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**

P/21

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 514/2020/സാ.നീ.വ തീയതി, തിരുവനന്തപുരം, 28/09/2020**

---

പരാമർശം: 1. കേന്ദ്ര സർക്കാരിന്റെ 25-03-19 ലെ 14/4-CDII-e-66710 നമ്പർ കത്ത്.

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 15.02.2020 ലെ ഐസിഡിഎസ്/ബി5/30277/19 നമ്പർ കത്ത്.

**ഉത്തരവ്**

ഐസിഡിഎസ് മിഷൻ രൂപീകരിച്ചതിന്റെ ഭാഗമായി അങ്കണവാടി കെട്ടിടങ്ങളുടെ വാടക 500-600 ചതുരശ്ര വിസ്തീർണമുള്ള ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 750/- രൂപയും, അർബൻ ഏരിയായിൽ 3,000/- രൂപയുമാണ് കേന്ദ്ര സർക്കാർ നിലവിൽ നൽകി വരുന്നതെന്നും എന്നാൽ പരാമർശം (1) പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡപ്രകാരം 500-600 ചതുരശ്ര വിസ്തീർണമുള്ള ഗ്രാമ പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് 750/- രൂപയിൽ നിന്നും 1,000/- രൂപയായും അർബൻ ഏരിയായിൽ 3,000/- രൂപയിൽ നിന്ന് 4000/- രൂപയായും വാടകയിനത്തിൽ ഉയർത്തിയിട്ടുണ്ടെന്നും, മേൽ സാഹചര്യത്തിൽ വകുപ്പിന് കീഴിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 7926 അങ്കണവാടികൾക്ക് ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിക്കേണ്ടി വരുമെന്നും വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ഗ്രാമപ്രദേശങ്ങളിലെ വാടക നിരക്ക്

| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | നിലവിലെ നിരക്ക് പ്രകാരം ആവശ്യമായ തുക @ 750 | പുതുക്കിയ നിരക്ക് @ 1000 | അധികം ആവശ്യമായ തുക (3-2) |
|---|---|---|---|
| 1 | 2 | 3 | 4 |
| 5786 | 750 X 5786 = 4339500 | 1000 X 5786 = 5786000 | 1446500 |

നഗരപ്രദേശങ്ങളിലെ വാടക നിരക്ക്

| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ | നിലവിലെ നിരക്ക് പ്രകാരം ആവശ്യമായ തുക @ 3000 | പുതുക്കിയ നിരക്ക് @ 4000 | അധികം ആവശ്യമായ തുക (3-2) |
|---|---|---|---|
| 1 | 2 | 3 | 4 |
| 2140 | 3000 X 2140 = 6420000 | 4000 X 2140 = 8560000 | 2140000 |

പ്രതിമാസം ആകെ (1446500 + 2140000) = 35,86,500/- രൂപ

ഒരു വർഷത്തേക്ക് ആവശ്യമായ തുക = 35,86,500 X 12 = 4,30,38,000/- രൂപ.

ഇപ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ തുകയായ 4,30,38,000/- രൂപ യുടെ 60% തുകയായ 25,82,28,000/- രൂപ കേന്ദ്ര വിഹിതമായും, 40% ആയ 1,72,15,200 രൂപ സംസ്ഥാന വിഹിതമായും ചെലവഴിക്കേണ്ടിവരുമെന്നും, ആയതിനാൽ അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുബന്ധമായി പ്രതിപാദിച്ചിട്ടുള്ള പ്രകാരം മാനദണ്ഡം അംഗീകരിക്കുന്നതിനും, കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നിതിനുള്ള അംഗീകാരം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും, നിശ്ചയിക്കപ്പെട്ട വാടക അംഗീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും നൽകുന്നതിനുള്ള അനുമതിയും, കേന്ദ്രം അനുവദിച്ച പുതുക്കിയ വാടക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി ആവശ്യമുള്ള 4,30,38,000/- (നാല് കോടി മുപ്പത് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ മാത്രം) രൂപ 2235-02-102-47-06 RRT ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള അനുമതിയും നൽകണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അങ്കണവാടി കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിക്കുന്നതിന് അനുബന്ധമായി പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡം അംഗീകരിച്ചും, കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള അംഗീകാരം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർക്കും, നിശ്ചയിക്കപ്പെട്ട വാടക അംഗീകരിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്കും നൽകുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(4) കേന്ദ്രം അനുവദിച്ച പുതുക്കിയ വാടക ഇനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ അധികമായി ആവശ്യമുള്ള 4,30,38,000/- (നാല് കോടി മുപ്പത് ലക്ഷത്തി മുപ്പത്തിയെട്ടായിരം രൂപ

മാത്രം) രൂപ 2235-02-102-47-06 RRT ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sum

സെക്ഷൻ ഓഫീസർ

## അനുബന്ധം

## അങ്കണവാടി കെട്ടിടങ്ങളുടെ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| Particulars | Specifications | Score Value |
|---|---|---|
| 1. Land Value (1R = 2.47 Cent) | Less than Rs. 10,000 | 1 |
| | Rs. 10,000 -50,000 | 2 |
| | Rs. 50,000 – 1,00,000 | 3 |
| | Rs. 1 Lakh to 2 lakh | 4 |
| | Rs. 2 Lakh to 5 lakh | 5 |
| | Rs. 5 Lakh to 10 lakh | 6 |
| | Above Rs. 10 lakh | 7 |
| I. Roof type | Others | 1 |
| | Tiles roof | 2 |
| | Concrete | 3 |
| II. Electricity Connection | Available | 2 |
| | Not available | 0 |
| III. Water supply connection | Available | 2 |
| | Not available | 0 |
| IV. Toilet Facility Building without sanitary latrines will not be considered | Available | 2 |
| | Not available | 0 |
| V. Floor type | Others | 1 |
| | Cement floor | 2 |
| | Mosaic | 3 |
| | Tiled floor | 4 |
| VI. Age of building | Above 25 years | 0 |
| | 10-25 years | 1 |
| | 5-10 years | 2 |
| | Less than 5 years | 3 |
| VII. No. of rooms (except toilet) | 1 | 1 |
| | 2 | 2 |
| | 3 | 3 |
| | More than 3 | 4 |
| VIII. Road areas | No | 0 |
| | Yes | 1 |

| | | |
|---|---|---|
| IX. Area of building | Less than 200 sq.ft | 1 |
| | 200 to 300 | 2 |
| | 300 to 500 | 3 |
| | Above 500 sq. feet | 4 |

Total Score = 24

| | റൂറൽ | | അർബൻ | |
|---|---|---|---|---|
| Score Value | നിലവിലെ വാടക | പുതുക്കിയ വാടക | നിലവിലെ വാടക | പുതുക്കിയ വാടക |
| Upto 10 | 400 | 550 | 1000 | 2000 |
| Upto 11 to 15 | 600 | 800 | 2000 | 3000 |
| 16 and Above | 750 | 1000 | 3000 | 4000 |

അനുബന്ധം I

## വാടക കരാർ (മാതൃക)

.../.../20... രണ്ടായിരത്തിയിരുപത്തി ................ മാണ്ട് .................. മാസം ............. തീയതി ............................. ജില്ലയിൽ ....................................... താലൂക്കിൽ ....................................... വില്ലേജിൽ .................... മുറിയിൽ ............................. പി.ഒ. (പിൻ ....................) താമസിക്കും .............................. (വീട്ട്പേര്) S/o, D/o, W/o ......................................................... (അച്ഛന്റെ/ ഭർത്താവിന്റെ പേര്) ........................................... തൊഴിൽ ........... വയസ്സുള്ള ........................................... (കെട്ടിട ഉടമയുടെ പേര്) .............................. (ആധാർ നമ്പർ) ഒന്നാം കക്ഷിയായും ............................. ശിശു വികസന പദ്ധതി ഓഫീസിന്റെ (ഐസിഡിഎസ്) കീഴിൽ ................................ ഗ്രാമപഞ്ചായത്തിൽ .......... വാർഡിൽ പ്രവർത്തിക്കുന്ന ................. നമ്പർ അങ്കണവാടിക്ക് വേണ്ടി ........................................ ഐസിഡിഎസ് ശിശു വികസന പദ്ധതി ഓഫീസർക്ക് വേണ്ടി പ്രസ്തുത ഗ്രാമപഞ്ചായത്ത് ഐസിഡിഎസ് സൂപ്പർവൈസർ രണ്ടാം കക്ഷിയായും എഴുതി നൽകുന്ന വാടക കരാർ.

താങ്കളുടെ വകയും താങ്കൾ കൈവശം വച്ച് അനുഭവിച്ച് വരുന്നതുമായ ............................. ജില്ലയിൽ ......................... താലൂക്കിൽ .......................... വില്ലേജിൽ ....................... സർവ്വേ നമ്പർ വസ്തുവിൽ ................. (ദിക്ക്) ദർശനമായുള്ള .................................... ഗ്രാമപഞ്ചായത്തിൽ .............. വാർഡിൽ ............ നമ്പരായുള്ള കല്ലും മരവും കെട്ടിട നിർമ്മാണ സാമഗ്രികളും കൊണ്ട് പണിതതും ഓട്/ ഷീറ്റ്/ കോൺക്രീറ്റ് മേൽക്കൂരയോട്ടുകൂടിയതും ............. മുറികൾ ഉള്ളതും വൈദ്യുതി, കുടിവെള്ളം, ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങൾ ഉള്ളതുമായ മേൽ നമ്പർ കെട്ടിടം ഈ ആണ്ട്/ വർഷം ..................... മാസം ............... തീയതി മുതൽ പതിനൊന്ന് മാസക്കാലത്തേക്ക് വനിത ശിശു വികസന വകുപ്പിന്റെ കീഴിലുള്ള ..................... ഐസിഡിഎസിലെ ..................... പഞ്ചായത്ത്/ നഗരസഭയിലെ .............. നമ്പർ അങ്കണവാടി പ്രവർത്തിപ്പിക്കുന്ന ആവശ്യത്തിനായി പരസ്പരം പറഞ്ഞ് സമ്മതിച്ചിരിക്കുന്നു.

ടി അങ്കണവാടി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ അങ്കണവാടിക്കായി പ്രത്യേക വൈദ്യുതി/ കുടിവെള്ള കണക്ഷൻ ഉള്ളപക്ഷം KSEB/ water authority bill പ്രകാരമുള്ള തുക 2-ാം കക്ഷി ഒടുക്കുന്നതാണ് (വകുപ്പ് മുഖേനയോ/LSGD മുഖേനയോ). പ്രത്യേക വൈദ്യുതി/ കുടിവെള്ള കണക്ഷൻ ഇല്ലാത്തപക്ഷം 1-ാം കക്ഷി വൈദ്യുതി / വാട്ടർ ചാർജ്ജ് ഒടുക്കുന്നതാണ്.

............................. രൂപ പ്രതിമാസ വാടക നിരക്കിൽ ............................. തീയതിക്ക് മുമ്പ് 1-ാം കക്ഷിയുടെ .............................. നമ്പർ ബാങ്ക് അക്കൗണ്ടിൽ 2-ാം കക്ഷി നിക്ഷേപിച്ച് നൽകുന്നതാണ്.

പ്രസ്തുത കെട്ടിടം അങ്കണവാടി പ്രവർത്തനങ്ങൾക്കായി മാത്രം കൈവശം വച്ച് ടി ആവശ്യത്തിനായി മാത്രം ഉപയോഗിച്ചും പ്രതിമാസമുള്ള വാടക മുടക്കം കൂടാതെതന്നെ താങ്കളുടെ പേരിൽ .............................. ബാങ്കിന്റെ ............................ ബ്രാഞ്ചിലുള്ള.............................................. നമ്പർ ബാങ്ക് അക്കൗണ്ടിലേയ്ക്ക്, ശിശു വികസന പദ്ധതി ഓഫീസർ, ........................................, സർക്കാർ ട്രഷറി സംവിധാനത്തിലൂടെ ബില്ല് മാറി ക്രഡിറ്റ് ചെയ്യുന്നതാണ്. കരാർ കാലാവധി കഴിഞ്ഞ് യാതൊരു തർക്കങ്ങളും പറയാതെയും നോട്ടീസ് കൂടാതെയും ടി കെട്ടിടത്തിൽ നിന്ന് അങ്കണവാടി വകയായുള്ള സാധനങ്ങൾ എന്റെ ചെലവിൽ ഞാൻ നീക്കം ചെയ്ത് ടി കെട്ടിട വകകൾ ഒഴിഞ്ഞ് താക്കോൽ തിരികെതന്ന് ഈ വാടക ഏർപ്പാട് അവസാനിപ്പിച്ചുകൊള്ളാമെന്നും ഞാൻ പൂർണ്ണമായും സമ്മതിച്ചിരിക്കുന്നു.

അങ്കണവാടി പ്രവർത്തനത്തിന്റെ ഭാഗമായുള്ള സകലവിധ സാധന സാമഗ്രികൾ ഈ കെട്ടിടത്തിൽ സൂക്ഷിക്കുന്നതിനും സർക്കാർ സംവിധാനത്തിലൂടെ വിതരണം ചെയ്ത് ലഭിക്കുന്ന പഠനചിത്രങ്ങൾ, പോസ്റ്ററുകൾ, ചാർട്ടുകൾ, കലണ്ടറുകൾ എന്നിവ ടി കെട്ടിടത്തിൽ പ്രദർശിപ്പിക്കുന്നതിനും ഉള്ള താങ്കളുടെ സമ്മതവും അനുമതിയും കരസ്ഥമാക്കുന്നതിനൊപ്പം പ്രസ്തുത കെട്ടിടം ഞാൻ കൈവശം വച്ച് യാതൊരുവിധ കേടുപാടുകൾ വരുത്താതെയും കഷ്ടനഷ്ടപ്പെടുത്താതെയും ഉപയോഗിച്ചും കരാർ കാലാവധി കഴിഞ്ഞ് താങ്കൾക്ക് നേരിട്ട് ഒഴിഞ്ഞ് തരുന്നതിനും മാത്രമല്ലാതെ ഈ അവകാശം കൈമാറ്റം ചെയ്യുന്നതിനോ കീഴ്ക്കുലിക്ക് കൊടുക്കുന്നതിനോ ടി കെട്ടിടം കഷ്ടനഷ്ടപ്പെടുത്തുന്നതിനോ രൂപഭേദം വരുത്തുന്നതിനോ ഭിത്തികളും മറ്റും വൃത്തിഹീനമാക്കുന്നതിനോ എനിക്ക് അധികാരവും അവകാശവും ഇല്ലാത്തതും ഇതിനെതിരായി ഞാൻ എന്തെങ്കിലും പ്രവർത്തിക്കുന്നതായാൽ ടി കെട്ടിടം ഉടൻ ഒഴിപ്പിച്ച് കൈവശപ്പെടുത്തുന്നതിന് നിങ്ങൾക്ക് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണെന്നും ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്നു.

ഇതിലെ കരാർ കാലാവധിക്ക് മുമ്പായി ടി കെട്ടിടം നിങ്ങളുടെ സ്വന്തമായ ആവശ്യത്തിലേക്കുവേണ്ടി വരുന്നതായും ഇതിലെ കരാർ കാലാവധിക്ക് മുമ്പായി ടി കെട്ടിടം ഒഴിയണമെന്ന് രണ്ടാം കക്ഷിക്ക് അഭിപ്രായമുണ്ടെങ്കിലും ആ വിവരം ഒരു മാസം മുൻകൂട്ടി രേഖാമൂലം പരസ്പരം അറിയിച്ച് ആവശ്യപ്പെടുന്നതായാൽ ഇതിലെ കാലാവധിക്ക് മുമ്പായി ടി കെട്ടിടം ഒഴിപ്പിച്ച് എടുക്കുന്നതിന് നിങ്ങൾക്കും ഒഴിയുന്നതിന് എനിക്കും അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാകുന്നു. ടി കെട്ടിടത്തിലെ ആവശ്യമായി വരുന്ന maintenance താങ്കൾ യഥാസമയം ചെയ്തു തരേണ്ടതാണ്.

മേൽ പ്രകാരമൊക്കെയും പരസ്പരം പൂർണ്ണമായി സമ്മതിച്ച് ഈ വാടക കരാർ താഴെപ്പറയുന്ന സാക്ഷികൾ കാൺകെ നമ്മൾ ഒപ്പിട്ടിട്ടുള്ളതാകുന്നു. ടി ........................ നമ്പർ അങ്കണവാടിക്ക് വേണ്ടി ഐസിഡിഎസ് സൂപ്പർവൈസർ (രണ്ടാം കക്ഷി)

കെട്ടിട ഉടമസ്ഥൻ (ഒന്നാം കക്ഷി)

സാക്ഷികൾ:

1.

2.

## Statement showing details of Anganwadis working in rented building and rate of monthly rent for the Financial Year 20__ - 20__

| Sl. No | AWC No. | Score Value | | | | | | | | | | Total Score | New rate of monthly rent | Agreement value | Admissible Amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Land value | Roof Type | Electricity Connection | Water supply connection | Toilet Facility | Floor Type | Age of building | No. of rooms (except toilet) | Road areas | Area of building | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

8/11/2021